നമ്പർ ജി(1)20953/2008

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 25.06.2008.

# സർക്കുലർ നമ്പർ 35/08.

വിഷയം: സഹകരണ വകുപ്പ് – അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കൽ – കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന:
1) 8.6.1994 ലെ ഈ ഓഫീസിലെ ജി.6231/93 നമ്പർ പുറത്തെഴുത്ത്.
2) 13.12.1994 ലെ സർക്കാരിന്റെ 11842/സി.1/94. സഹ. നമ്പർ കത്ത്.
3) 10.1.1995 ലെ ഈ ആഫീസിലെ സി.പി.(3) 38415/94 നമ്പർ കത്ത്.
4) സഹകരണ സംഘം രജിസ്ട്രാറുടെ 21/97, 21/03 നമ്പർ സർക്കുലറുകൾ
5) ഈ ആഫീസിലെ ലാ ആഫീസറുടെ ട. 30.4.2008 ലെ കുറിപ്പ്.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള തീരുമാനം കാലാവധി അവസാനിക്കുന്നതുവരെ കാത്തിരിക്കാതെ കാലേക്കൂട്ടി അയച്ചുതരേണ്ടതാണെന്ന് സൂചന 1,2,3 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള തീരുമാനം വ്യക്തമായ ശുപാർശ സഹിതം കാലാവധി അവസാനിക്കുന്നതിന് രണ്ട് മാസം മുമ്പായി അയച്ചു തരണമെന്നും, കാലാവധി ദീർഘിപ്പിച്ചു നൽകി കഴിഞ്ഞാൽ മൂന്നു മാസത്തിനുള്ളിൽ നിയമാനുസൃതം തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന 4 ലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. കൂടാതെ കാലാവധി ദീർഘിപ്പിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ച 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ പ്രസക്ത വ്യവസ്ഥ (32/33) വ്യക്തമായി രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം അഡ്മിനിസ്ട്രേറ്ററുടെ നിയമന ഉത്തരവിന്റെ പകർപ്പുകൂടി നിർബന്ധമായും ഉൾപ്പെടുത്തുവാൻ സൂചന 4 ലെ 21/2003 സർക്കുലറിൽ നിർദ്ദേശിച്ചിരുന്നതാണ്.

1. എന്നാൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവുകളും, അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരട് വിജ്ഞാപനങ്ങളും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ ആശയകുഴപ്പം ഉണ്ടാകുന്നതായും ഇത് കാലതാമസത്തിന് കാരണമാകുന്നതായും കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മേലിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിൽ വിവരങ്ങൾ ചേർത്ത് സമർപ്പിക്കുവാൻ അറിയിക്കുന്നു.

2. അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാത്തതുകാരണം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി അവസാനിച്ചതിനുശേഷം, പിന്നീട് ഭരണ സമിതി അധികാരമേറ്റതിനുശേഷവും ആയതിനുള്ള വിജ്ഞാപനം പുറപ്പെടേണ്ടിവരുന്നുവെന്നും ആയത് പാടില്ലായെന്നും അതിലെ കാലതാമസം ഒഴിവാക്കണമെന്നും 11-ാം കേരള സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി 13-ാമത് റിപ്പോർട്ടിൽ വളരെ ഗൗരവമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം എല്ലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം സൂചനയിൽ പരാമർശിച്ചിട്ടുള്ള സർക്കുലർ/കത്തുകളിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണെന്നും ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്,
കെ. വി സുരേഷ്ബാബു.
സഹകരണ സംഘം രജിസ്ട്രാറുടെ ചാർജ്ജ് വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രഡിറ്റ്).

പകർപ്പ്:-1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും.
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും.
3 ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.
4 എഡിറ്റർ സഹകരണ വീഥി .5. എഡിറ്റർ സഹകരണ ജേർണൽ.6. സ്റ്റോക്ക്/സ്പെയർ.

ആജ്ഞാനുസരണം,

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.

അനുബന്ധം
(സർക്കുലർ 35/06

## അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊഫോർമ.

1. സംഘത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ കാലാവധി അവസാനിച്ച തീയതി –

2. കേരള സഹകരണ സംഘ നിയമത്തിലെ 32/33(1) വകുപ്പ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് അഡ്മിനിസ്ട്രേറ്റർ നിയമനം നടത്തിയതിന്റെ വിശദാംശങ്ങൾ.

| ക്ര. നം. | ഏതു തീയതി മുതൽ | ഏതു തീയതി വരെ | കാലയളവ് | ഉത്തരവിന്റെ നമ്പരും തീയതിയും. (പകർപ്പ് സഹിതം) |
|---|---|---|---|---|
| | | | | |
| ആകെ കാലയളവ് | | | | |

3. കേരള സഹകരണ നിയമത്തിലെ 32/33(1)എ വകുപ്പ് പ്രകാരം സർക്കാർ അനുമതിയോടെ രജിസ്ട്രാർ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചതിന്റെ വിശദാംശങ്ങൾ.

| ക്ര. നം. | ഏതു തീയതി മുതൽ | ഏതു തീയതി വരെ | G.O No and Date. | S.R.O No. | Gazette No and Date. |
|---|---|---|---|---|---|
| | | | | | |
| ആകെ കാലയളവ് | | | | | |

4. കേരള സഹകരണ നിയമത്തിലെ 101-ാം വകുപ്പ് പ്രകാരം '1'-വർഷം എന്നതിൽ ഭേദഗതി വരുത്തി കാലാവധി ദീർഘിപ്പിച്ചതിന്റെ വിശദാംശങ്ങൾ

| ക്ര. നം. | ഏതു തീയതി മുതൽ | ഏതു തീയതി വരെ | കാലയളവ് (എത്ര മാസം) | G.O No and Date. | S.R.O No. | Gazette No and Date. |
|---|---|---|---|---|---|---|
| | | | | | | |

(2)

Joint Registrar (General)